**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **08-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്- 19 സൃഷ്ടിക്കുന്ന സാമ്പത്തിക ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. ടി. എ. റഹീം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികാഘാതം വിലയിരുത്താൻ സാധിച്ചിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. GSDP യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്- 19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ചു കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകാനിടയുള്ളത് | (ബി) | കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച |

| | | | |
|---|---|---|---|
| | കണക്കിലെടുത്ത് കേന്ദ്രസർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ടോ; | | പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ വാർഷിക വായ്പ പരിധി 2020-21 ൽ GSDP യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിച്ച് നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കാണമെന്ന നിബന്ധനകൾക്കു വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കികൊണ്ട് 2 ശതമാനം അധിക വായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപിരിധിയ്ക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും വാക്സിനേഷന്റെ പ്രവർത്തന ചെലവിനുമായി ആകെ 657.27 കോടിരൂപയുടെ കേന്ദ്ര സഹായം National Health Mission മുഖേന ലഭിച്ചിട്ടുണ്ട്. |
| (സി) | ദുരിതമകറ്റാൻ സ്വീകരിച്ചിട്ടുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും പ്രതിരോധ പ്രവർത്തനത്തിനും ചികിത്സാ സൗകര്യവർദ്ധനവിനും കേന്ദ്രസർക്കാർ എന്തെല്ലാം സഹായം ഇതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 419 കോടി രൂപയുടെ 50% കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. ഇതിനു പുറമേ 2020-21 ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ opening balance (542.10 കോടി) ന്റെ 10% കൊറോണ പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകി. പി.എം. കെയർ ഫണ്ടിൽ നിന്നും 19.496 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും, അതിഥി തൊഴിലാളികൾക്കു വേണ്ടിയുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പി.എം. കെയർ ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നു. നടപ്പ് |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 50% കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മെയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് ആളൊന്നിന് 5 കിലോ വീതം അരിയും 1 കിലോ വീതം പയറു വർഗ്ഗങ്ങളും സൗജന്യമായി വിതരണം നടത്തുന്നതിനായി 15480.012 MT അരിയും 745.058 MT പയറു വർഗ്ഗങ്ങളും അനുവദിച്ചിരുന്നു. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PMGKAY പദ്ധതി പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ ഒരംഗത്തിന് 5 കിലോ വിതം ഭക്ഷ്യധാന്യവും 1 കിലോ വീതം പയറു വർഗ്ഗങ്ങളും 2020 ഏപ്രിൽ മുതൽ ജൂൺ വരെ വിതരണം നടത്തുന്നതിനായി 232200.180 MT അരിയും 11214.27 MT പയറു വർഗ്ഗങ്ങളും അനുവദിച്ചിരുന്നു. ജൂലൈ മുതൽ നവംബർ വരെ പദ്ധതി ദീർഘിപ്പിച്ചതിനെ തുടർന്ന് PMGKAY 2nd phase ൽ 289922.944 MT അരിയും 70782.357 MT ഗോതമ്പും 18310.219 MT പയറു വർഗ്ഗങ്ങളും ലഭ്യമായിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 മെയ്, ജൂൺ മാസങ്ങളിൽ PMGKAY പദ്ധതി പ്രകാരം വിതരണം നടത്തുന്നതിനായി 126487.177 MT അരിയും 28312.943 MT ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിതരണം നടന്ന് വരികയാണ്. കേന്ദ്രസർക്കാരിൽ നിന്നും National Health Mission മുഖേന ലഭിച്ച 657.27 കോടി രൂപ മരുന്ന് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കോവിഡ് നിവാരണ പ്രവർത്തനങ്ങൾക്കും ചെലവാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ